പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 99 — 04.06.2018 ൽ മറുപടിക്ക്

## എരുമേലി എയർപോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നിർദ്ദിഷ്ട എരുമേലി എയർപോർട്ടുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, സാദ്ധ്യതാ പഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും കെ എസ് ഐ ഡി സി താൽപര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത കൺസൾട്ടന്റുമായി കെ എസ് ഐ ഡി സി ധാരണാ പത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും പ്രാരംഭ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എരുമേലി എയർപോർട്ടിന് നാളിതുവരെ ഏതൊക്കെ വകുപ്പുകളുടെ അനുമതി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;<br>(സി) ഇനി ഏതൊക്കെ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാനുണ്ട്; വിശദമാക്കുമോ? | (ബി) യും (സി) യും സാധ്യതാ പഠനത്തിനായി നിയമിച്ച കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും കരട് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരട് റിപ്പോർട്ടിൽ ആവശ്യമായ നിർദ്ദേശങ്ങളും മാറ്റങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

SR~~.

സെക്ഷൻ ഓഫീസർ